**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5388** — **21-03-2025 - ൽ മറുപടിയ്ക്ക്**

**തൂണേരി ബ്ലോക്കിൽ പശുക്കളുടെ വന്ധ്യതാ ക്ലിനിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ജനിതക മേന്മയുള്ള പശുക്കളുടെ ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിൽ വന്ധ്യതാ ക്ലിനിക് അനുവദിക്കാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | **ഉയർന്ന ജനിതക മേന്മയുള്ള പശുക്കളുടെ ഉൽപ്പാദനക്ഷമത പൂർണമായി വിനിയോഗിക്കണമെങ്കിൽ കന്നുകാലികളിലെ വന്ധ്യതക്ക് ഒരു ശാശ്വത പരിഹാരം അനിവാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ പശുക്കളുടെ 3 വന്ധ്യതാ ക്ലിനിക്കുകൾ ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള 2 വന്ധ്യതാ ക്ലിനിക്കുകൾ കൊല്ലം ജില്ലയിലെ ചിതറയിലും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കെട്ടിടങ്ങളിലാണ് പ്രസ്തുത വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്. കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് പശുക്കളുടെ വന്ധ്യതാ ക്ലിനിക് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം വന്ധ്യതാ ക്ലിനിക്കിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി ബഹു.നാദാപുരം എം.എൽ.എ-യുമായി കേരളാ കന്നുകാലി വികസന ബോർഡ് ചർച്ച നടത്തിയിരുന്നു. എന്നാൽ നിലവിൽ സെന്റർ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. സ്ഥലം കണ്ടെത്തിയാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ